(8) മരിയനാട് കോഫി പ്ലാന്റേഷൻ തൊഴിലാളികൾക്ക് കൈവശരേഖ

ശ്രീ. പി. കൃഷ്ണപ്രസാദ്: സർ, മരിയനാട് ഭൂമിപ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കാൻ ഉദ്ദേശിക്കുന്നത്. നേരത്തെ തന്നെ ഗവൺമെന്റിന്റെ തീരുമാനപ്രകാരം മരിയനാട് ഭൂമി ഫോറസ്റ്റിന്റെ കീഴിലുള്ള ഒരു തോട്ടമായിരുന്നു. അവിടെ നേരത്തെ ആദിവാസികളുടെ നേതൃത്വത്തിൽ വളരെയധികം സമരങ്ങൾ നടക്കുകയും ഭൂമി മുഴുവൻ കയ്യേറ്റംചെയ്യപ്പെടുകയും ചെയ്തപ്പോൾ ആ എസ്റ്റേറ്റ് നിർത്തലാക്കപ്പെടുന്ന സ്ഥിതിവിശേഷമുണ്ടായി. അവിടെ ഉണ്ടായിരുന്ന പത്ത് ഇരുന്നൂറ്റിയമ്പതോളം വരുന്ന തൊഴിലാളികൾ, കുറേ വർഷങ്ങളായി ആ ഭൂമി കൈവശം വച്ച് കൃഷിചെയ്ത് ജീവിച്ചുവരികയാണ്. 2004-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം പാമ്പ്ര ഉൾപ്പെടെയുള്ള മരിയനാട് പ്രദേശത്തെ മൂന്ന് തോട്ടങ്ങൾ തൊഴിലാളികൾക്ക് വിട്ടുകൊടുക്കാൻ ഗവൺമെന്റ് ഉത്തരവിറക്കിയതാണ്. അതിൽ ഭൂരിപക്ഷവും ആദിവാസികളാണ്. അത് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വാങ്ങിക്കൊണ്ട് നടപ്പിലാക്കുമെന്നാണ് പറഞ്ഞത്. അതിനോടൊപ്പമുണ്ടായിരുന്ന ബാക്കിയുള്ള എല്ലാ തോട്ടങ്ങളും ആദിവാസികൾക്കും തൊഴിലാളികൾക്കും വിട്ടുകൊടുത്തുകഴിഞ്ഞു. അതുകൊണ്ട് ഈ ഭൂമി കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വാങ്ങുക എന്ന നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആദിവാസികൾക്കും തൊഴിലാളികൾക്കും വിട്ടുകൊടുക്കാനുള്ള നടപടി ഈ ഗവൺമെന്റ് കൈക്കൊള്ളുണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, മരിയനാട് കോഫി പ്ലാന്റേഷനും പാമ്പ്ര കോഫി പ്ലാന്റേഷനും വി. എഫ്. റ്റി. ഐറ്റം നമ്പർ 17-ൽ ഉൾപ്പെടുന്നതും പാമ്പ്ര ഭാഗത്ത് 233 ഹെക്ടർ നിക്ഷിപ്ത വന പ്രദേശത്ത് വെസ്റ്റഡ് ഫോറസ്റ്റ് അതോറിറ്റിയുടെ അംഗീകാരത്തോടുകൂടി റോബസ്റ്റ കാപ്പിച്ചെടികൾ വച്ചുപിടിപ്പിച്ച തോട്ടവുമാണ്. വനംവകുപ്പ് പരിപാലിച്ചുവന്നിരുന്ന ടി തോട്ടം ജി. ഒ. (എം.എസ്) 33/2006 തീയതി 1-6-2006 പ്രകാരം 1-8-2000-ത്തിന് കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് കൈമാറിയിരുന്നു. തോട്ടം പ്രവർത്തനരഹിതമായതിനെത്തുടർന്ന് തോട്ടത്തിൽ ജോലിചെയ്തിരുന്ന 139 തൊഴിലാളി കുടുംബങ്ങൾ 2003-ൽ ടി എസ്റ്റേറ്റിൽ കയറി വീട് വച്ച് താമസിച്ചുവരികയാണ്. പ്രസ്തുത കാപ്പിത്തോട്ടത്തിൽ താമസിക്കുന്ന മറ്റ് 346 ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം 128.40 ഹെക്ടർ വനഭൂമിക്ക് വനാവകാശവും നൽകിയിട്ടുണ്ട്. തോട്ടത്തിൽ ജോലി ചെയ്തുവന്നിരുന്ന ആദിവാസികൾ അല്ലാത്ത 139 തൊഴിലാളി കുടുംബങ്ങളുടെ കൈവശരേഖാ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്ക് വിധേയമായി കൈകാര്യം ചെയ്യുന്നതാണ്.

(9) റേഷൻ കാർഡിന് അപേക്ഷിക്കുന്നവർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, സംസ്ഥാനത്തെ റേഷൻ കാർഡിനുള്ള അപേക്ഷിക്കുന്നവർക്ക് വളരെ ആശ്വാസകരവും പ്രയോജനപ്രദവുമായ മാർഗ്ഗമാണ് ഭക്ഷ്യക്ഷയ സെന്ററിലൂടെ സംസ്ഥാനത്തുടനീളം അപേക്ഷ സ്വീകരിച്ചുവരുന്നു എന്നത്. എന്നാൽ ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശങ്ങൾക്ക് വിപരീതമായി

LIBRARY ARCHIVES Kerala Legislative Assembly